**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1719** **29-09-2025 - ൽ മറുപടിയ്ക്ക്**

**നെൽക്കൃഷി പ്രോത്സാഹനത്തിനുമാത്രമുള്ള കാർഷികാഭിവൃദ്ധി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽക്കൃഷിയെ പ്രോത്സാഹിപ്പിക്കാനായി മാത്രം ഉപയോഗിക്കേണ്ട കാർഷികാഭിവൃദ്ധി ഫണ്ടിൽ എത്ര തുകയാണ് ഇപ്പോൾ ശേഖരിച്ചിട്ടുള്ളത്; | (എ) | **കാർഷികാഭിവൃദ്ധി ഫണ്ടിൽ 23-9-2025വരെ ആകെ 280,87,44,945രൂപ (ഇരുന്നൂറ്റി എൺപത് കോടി എൺത്തിഎഴ് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി തൊള്ളായിരത്തി നാൽപ്പത്തി അഞ്ചു രൂപ മാത്രം) ആണ് ശേഖരിച്ചിട്ടുള്ളത്.** |
| (ബി) | കർഷകർക്ക് ബാങ്ക് നടപടിക്രമങ്ങളാൽ തുക കൈവശമാകാൻ സാധാരണ എത്ര ദിവസം വരെ വൈകാറുണ്ട്; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, കർഷകർക്ക് ബാങ്ക് നടപടിക്രമങ്ങളാൽ തുക കൈവശമാക്കാൻ സാധാരണ 2 ദിവസം മുതൽ 14 ദിവസം വരെ വൈകാറുണ്ട്. |
| (സി) | 2025 ജനുവരി 22 മുതൽ ഓഗസ്റ്റ് 22 വരെയുള്ള കാലയളവിൽ കർഷകർക്ക് നൽകേണ്ട നെൽ വില എത്രയാണ്; വ്യക്തമാക്കാമോ; | (സി) | 2025ജനുവരി 22 മുതൽ ഓഗസ്റ്റ് 22 വരെയുള്ള കാലയളവിൽ സംഭരിച്ച 43,98,25,733 കി.ഗ്രാം നെല്ലിന് ഒരു കിലോ ഗ്രാമിന് 28.32 രൂപ നിരക്കിൽ ആകെ 1245,58,64,758.56 രൂപയാണ് കർഷകർക്ക് നൽകേണ്ട തുക. |
| (ഡി) | സംസ്ഥാന സർക്കാർ നെൽക്കർഷകർക്കുള്ള ഉല്പാദന ബോണസായി മുൻകൂർ അനുവദിച്ച തുക എത്രയാണ്; വിശദാംശം നൽകാമോ; | (ഡി) | എസ്.ഐ.ബി. ഇനത്തിൽ 100 കോടി രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | 2017-18 മുതൽ 2024 വരെ നെല്ല് സംഭരിച്ചതിലെ കുടിശികയായി കേന്ദ്രസർക്കാർ കേരളത്തിന് നൽകാനുള്ള തുക ഏകദേശം എത്രയാണ്; വ്യക്തമാക്കാമോ? | (ഇ) | 2017-18 മുതൽ 2024 വരെ നെല്ല് സംഭരിച്ചതിലെ കുടിശികയായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള തുകയുടെ വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2017-18 മുതൽ 2024 വരെ നെല്ല് സംഭരിച്ചതിലെ കുടിശികയായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള തുകയുടെ വിവരങ്ങൾ**

| FY | Amount Claimed (in cr) | Sanctioned amount (in cr) | Pending amount from GOI (in cr) |
|---|---|---|---|
| 2017-18 | 742.68 | 736.31 | 6.37 |
| 2018-19 | 538.2 | 531.66 | 6.54 |
| 2019-20 | 1221.76 | 1125.11 | 96.65 |
| 2020-21 | 1269.25 | 1254.15 | 15.1 |
| 2021-22 | 1380.91 | 1349.02 | 31.89 |
| 2022-23 | 1491.64 | 1140.41 | 351.23 |
| 2023-24 | 1311.1 | 1183.8 | 127.3 |
| ആകെ | **7955.54** | **7320.46** | **635.08** |